കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പരപ്പനങ്ങാടി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.25/2438/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ കാര്യാലയം

തീയതി.30/11/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പരപ്പനങ്ങാടി നഗരസഭ

സർ,

വിഷയം : പരപ്പനങ്ങാടി നഗരസഭ - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പരപ്പനങ്ങാടി നഗരസഭയുടെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്/നഗരപാലിക -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ്/നഗരപാലിക പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)ഡയരക്ടർ,നഗരകാര്യ വകുപ്പ്

3)നഗരകാര്യ വകുപ്പ് റീജ്യണൽ ജോയിന്റ്ഡയരക്ടർ,കോഴിക്കോട്

4)കാര്യാലയ പകർപ്പ്

എബികെ 12/17

നം.കെ.എസ്.എ.എം.പി.എം.25/2438/2017

തിയ്യതി:30/11/2017

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 08-01-2017 മുതൽ 17-10-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെനഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജി.വി.കെ.<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017മുതൽ 28-10-2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എം ദിനേശൻ | ഓഡിറ്റ്ഓഫീസർ |
| | ശ്രീ.എം പി അബ്ദുൾ റഷീദ് | അസി.ഓഡിറ്റ്ഓഫീസർ |
| | ശ്രീ.പി സക്കീർ ഹുസൈൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.പി ടി സന്തോഷ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഐ സിന്ധു | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.വി.വി.ജമീല ടീച്ചർ | 01-04-16 മുതൽ 31-03-17വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.സി.സാമുവൽ | 01-04-16 മുതൽ 09-09-16വരെ |
| | ശ്രീ രാജശേഖരൻ പി കെ | 09-09-16 മുതൽ 17-03-17 വരെ |
| | ശ്രീമതി രാജശ്രീ പി നായർ | 18-03-17 മുതൽ 31-03-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| വി.ഇ.ഒ | ശ്രീ.രജീഷ്. | 01-04-16മുതൽ 31-03-17വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഹഫ്സത്ത് അടാട്ടിൽ | 01-04-16മുതൽ 31-03-17വരെ |
| കൃഷിഓഫീസർ | ശ്രീ.രത്നാകരൻ വി | 01-04-16മുതൽ 31-03-17വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ശ്രീകല.കെ.പി | 01-04-16മുതൽ 31-03-17വരെ |
| അസി.എഞ്ചിനിയർ | ശ്രീ.നന്ദകുമാർ | 01-04-16മുതൽ 04-07-16വരെ |
| | ശ്രീ ബിബിൻ എൻ വി | 05-07-16 മുതൽ 31-03-17 വരെ |
| വെറ്റിനറിസർജൻ | ഡോ.ബി.അബീന | 01-04-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.മുഹമ്മദ് അക്ബർ | 01-04-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ആർ.ആനന്ദ് | 01-04-16 മുതൽ 31-03-17വരെ |
| മെഡിക്കൽ ഓഫീസർ-(ആയുർവേദം) | ഡോ.റസീന കെ | 01-04-16 മുതൽ 31-03-17വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി അഞ്ജലിദേവി | 01-04-16 മുതൽ 12-07-16 വരെ |

| | | |
|---|---|---|
| | ശ്രീ റിതുൽരാജ് | 13-07-16 മുതൽ 09-09-16 വരെ |
| | ശ്രീ സന്തോഷ് | 10-09-16 മുതൽ 22-01-17 വരെ |
| | ശ്രീ അരുൺ സൂരി | 23-01-17മുതൽ 31-03-17വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ റഷീദ് ടിഎം | 01-04-16 മുതൽ 31-03-17 വരെ |

ഉള്ളടക്കം



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |

| | | | |
|---|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | നികുതി കളക്ഷൻ ഫലപ്രദമല്ല | 2-1 | |
| 13 | സർവീസ് സഹകരണബാങ്കിലെ പലിശനിരക്ക് | 2-2 | |
| 14 | ഡിആന്റ്ഒലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-3 | |
| 15 | വാടകകുടിശ്ശിക പിരിച്ചെടുക്കാത്തതു സംബന്ധിച്ച് | 2-4 | |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-5 | |
| 17 | ലേലസംഖ്യ-കുടിശ്ശിക അടവാക്കിയില്ല | 2-6 | |
| | ഭാഗം-3 | | |
| 18 | മരുന്നുകൾ ലഭ്യമാക്കേണ്ടതാണ് | 3-1 | |
| 19 | സാക്ഷ്യപത്രം ലഭ്യമാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു | 3-2 | |
| 20 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 3-3 | |
| 21 | വിനിയോഗ സാക്ഷ്യപത്രവും വരവ് ചെലവ് കണക്കുകളും ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-4 | |
| 22 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാ 25% അധികമൂല്യം അനുവദിച്ചതു സംബന്ധിച്ച് | 3-5 | |
| 23 | കൊടപ്പള്ളി ഭാഗത്തേക്ക് വാട്ടർ പൈപ്പ്ലൈൻ നീട്ടൽ -നിലവിലെ വിവരം വിശദീകരിക്കേണ്ടതാണ്. | 3-6 | |
| 24 | റോഡ് നിർമ്മാണം -കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചതു കാരണം അധികചെലവ് | 3-7 | |
| 25 | ജി.യു പി എസ് പുത്തൻ കടപ്പുറംനവീകരണം ടൈൽ വിരിക്കുന്ന | 3-8 | |

| | | | |
|---|---|---|---|
| | പ്രവൃത്തിക്ക് അധികം തുക നൽകി | | |
| 26 | കരാറുകാർ സംഘടിച്ച് മുനിസിപ്പാലിറ്റിക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കി | 3-9 | |
| 27 | ഇൻഡോർ സ്റ്റേഡിയം നിർമ്മാമ പ്രോജെക്ട് നിർവ്വഹണം ത്വരിതപ്പെടുത്തേണ്ടതാണ്. | 3-10 | |
| | ഭാഗം-4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് - | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 5.3.2016 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. .

### 1-2 വാർഷിക ധനകാര്യപത്രിക

| ഓഡിറ്റ് ചട്ടപ്രകാരം ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.7.2017 | 19-9-2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | പരിശോധിചച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 24-10-17 | നമ്പർ കെ എസ് എ എംപിഎം.25/2438/17 തിയതി 30.11.17 |

വാർഷിക കണക്ക് പരിശോധന -

1.വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപെടുത്തിയ തുകകൾ വസ്തുതാപരമോ യാഥാർത്ഥമോ അല്ല.ബാലൻസ് ഷീറ്റിൽ സൺഡ്രേ ഡെറ്റേഴ്സ് ആയി രേഖപ്പെടുത്തിയ വസ്തു നികുതി ഇനത്തിലെ അരിയർ തുകകൾ എപ്രകാരം വന്നതാണ് എന്ന് വ്യക്തമല്ല.വസ്തു നികുതി ഇനത്തിൻ നിലവിൽ 14113657 രൂപ അരിയർ കളക്ട് ചെയ്യാനുള്ളതായി കാണുന്നു.നികുതി പിരിവ് ഫലപ്രദമല്ല എന്ന് വിലയിരുത്താവുന്നതാണ്.

2.ഈ കുടിശികയിൽ 9565336 രൂപ മുൻവർഷങ്ങളിലെ വസ്തുനികുതിയാണ്. ഈ തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.ആയതിനാൽ തന്നെ വസ്തു നികുതി കാലാഹരണപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

3.വാർഷിക കണക്കിൽ 37000 രൂപ ഇൻവെസ്റ്റ് മെന്റ് ഉണ്ട്.ഇതേ തുക തന്നെയാണ് മുൻവർഷങ്ങളിലും കണക്കിൽ ഉൾപെടുത്തിയിട്ടുള്ളത്. ഇൻവെസ്റ്റ്മെന്റ് തുക ഓരോ വർഷവും പുതുക്കുന്നില്ല എന്ന് വ്യക്തമാവുന്നു.

4.മുൻ വർഷം വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ അവസാന രണ്ട് ഇനങ്ങളായി , ബാധ്യതയായി രേഖപ്പെടുത്തിയ തുകകൾ തന്നെയാണ് 2016-17 വർഷവും വരുന്നത്. ഈ ഇനങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാൻ നഗരസഭക്കായില്ല എന്ന് ഇത് വ്യകതമാക്കുന്നു.

5.ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ വാറ്റ് മുനിസിപ്പൽ ഫണ്ട്, വെൽഫയർ ഫണ്ട്,വസ്തു നികുതി റീഫണ്ട്,റീഫണ്ട് ഗ്രാന്റ്, റീഫണ്ട് മറ്റുള്ളവ,വസ്തു നികുതി മുൻകൂർ,സർവീസ് സെസ്സ് മുൻകൂർ എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയ തുക മുൻവർഷ അക്കൌണ്ടിലെ തുകകൾ തന്നെയാണ്.മാത്രമല്ല ഈ ഫിഗറുകൾ വർഷങ്ങളായി ക്യാരി ഓവർ ചെയ്ത് വരുന്നവയുമാണ്.നഗരസഭയുടെ ബാധ്യതയായി രേഖപ്പെടുത്തിയ ഈ തുകകൾ തിരികെ നൽകുകയോ, അഡ്ജസ്റ്റ് ചെയ്യുകയോ, കാലഹരണപ്പെട്ടതായി പരിഗണിച്ച് നഗരസഭയുടെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല.

6.ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ഗ്രാന്റ് ഫോർ പ്രോജക്ട്സ്, കോൺട്രീബ്യൂഷൻ ഫോർ സ്പെസിഫിക്ക് പർപ്പസ് എന്നീ ഇനങ്ങളിലായി മുൻവർഷ കണക്കിൽ ഉൾപെട്ട തുക തന്നെയാണ് ഈ വർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.ബാധ്യതയായി രേഖപ്പെടുത്തിയ ഈ ഇനങ്ങളിലെ ധനസഹായ തുക ഇനിയും നഗരസഭക്ക് വിനിയോഗക്കാനായില്ല എന്ന് വ്യക്തമാവുന്നു.

7.പരപ്പനങ്ങാടി സർവീസ് ബാങ്ക് 2103 അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ മൂന്ന് ചെക്കുകളിലായി മുൻവർഷങ്ങളിൽ നൽകിയ 20032 രൂപ നാളിത് വരെ ബന്ധപ്പെട്ട കക്ഷികൾ പിൻവലിച്ചിട്ടില്ല. ടൈംബാർ ആയ ഈ തുകകൾ നഗരസഭ ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല എന്ന് കാണുന്നു.വിശദവിവരം താഴെകൊടുക്കുന്നു.

| തിയ്യതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 31.03.2015 | 309825 | 3375 |
| 31.03.2011 | OB Cheque | 16407 |
| 19.06.2013 | 293163 | 250 |

8.ഗ്രാമ പഞ്ചായത്തായിരുന്ന കാലത്ത് തൊഴിലുറപ്പ് ഫണ്ട് നിക്ഷേപിച്ച പരപ്പനങ്ങാടി എസ്.ബി.ഐ 67060336090അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ മൂന്ന് ചെക്കുകളിലായി മുൻവർഷങ്ങളിൽ നൽകിയ 69132 രൂപ നാളിത് വരെ ബന്ധപ്പെട്ട കക്ഷികൾ പിൻവലിച്ചിട്ടില്ല. ടൈംബാർ ആയ ഈ തുകകൾ തൊഴിലുറപ്പ് ഫണ്ടിലേക്ക് തിരിച്ചടവാക്കിയിട്ടില്ല എന്ന് കാണുന്നു.വിശദവിവരം താഴെ കൊടുക്കുന്നു.

| തിയ്യതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 30.01.2013 | 142460 | 22140 |
| 26.07.2013 | 62824 | 1400 |
| 19.01.2013 | 142448 | 45592 |

9.ദുരിതാശ്വാസ ഫണ്ട് നിക്ഷേപിച്ച പരപ്പനങ്ങാടി സർവീസ് ബാങ്കിന്റെ 8214അക്കൌണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ ആറ് ചെക്കുകളിലായി മുൻവർഷങ്ങളിൽ നൽകിയ 11000 രൂപ നാളിത് വരെ ബന്ധപ്പെട്ട കക്ഷികൾ പിൻവലിച്ചിട്ടില്ല. ടൈംബാർ ആയ ഈ തുകകൾ നഗരസഭ ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല എന്ന് കാണുന്നു.വിശദവിവരം താഴെ കൊടുക്കുന്നു.

| തിയ്യതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 23.06.2015 | 306280 | 2000 |
| 23.06.2015 | 306285 | 2000 |
| 23.01.2015 | 306265 | 2000 |
| 23.01.2015 | 306273 | 3000 |
| 24.07.2014 | 306254 | 1000 |
| 24.07.2014 | 306255 | 1000 |

10.നഗരസഭക്ക് കോ ഓപ്പറേറ്റീവ് ബാങ്ക്. നാഷണലൈസ്ഡ് ബാങ്ക് എന്നിവയിൽ ഇരുപത് ബാങ്ക് അകൌണ്ടുകൾ നിലവിൽ ഉണ്ട്.ഇവയിൽ അഞ്ച് അകൌണ്ടുകളിലെ ബാലൻസ് സീറോ ആണ്.ഇവ ക്ലോസ് ചെയ്യ അകൌണ്ടുകളുമാണ്.എന്നാൽ അവശേഷിച്ച ഏഴ് അക്കൌണ്ടുകളിൽ ഇടപാടുകൾ നടക്കാത്തവയാണ്. ഇവ ക്ളോസ് ചെയ്യാൻ നിർദേശിച്ചിരുന്നു എങ്കിലും അപ്രകാരം ചെയ്തിട്ടില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| അക്കൌണ്ട് നമ്പർ | ബാങ്ക് | ഫണ്ട് | ബാലൻസ് |
|---|---|---|---|
| 40220101009594 | KGB പരപ്പനങ്ങാടി | മണൽ | 45806 |
| 67010323080 | SBI പരപ്പനങ്ങാടി | SSA | 9224 |
| 57049491228 | SBI പരപ്പനങ്ങാടി | സാനിറ്റേഷൻ | 16600 |
| 57049449651 | SBI പരപ്പനങ്ങാടി | പെൻഷൻ | 32011 |
| 67013609748 | SBI പരപ്പനങ്ങാടി | ഹരിയാലി | 1496 |
| 67015498207 | SBI പരപ്പനങ്ങാടി | ഹരിയാലി 2 | 1493 |
| 57049495450 | SBI പരപ്പനങ്ങാടി | ജലനിധി | 711676 |

11.നഗരസഭയായി ഉയർത്തപ്പെട്ടതിനെ തുടർന്ന് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി കനറാ ബാങ്കിൽ പുതിയ അകൌണ്ട് തുടങ്ങിയിട്ടുണ്ട്.ഈ അക്കൌണ്ടിൽ ഇടപാടുകളും നടന്ന് വരുന്നു. എന്നാൽ പഞ്ചായത്തായിരുന്ന കാലത്തുണ്ടായിരുന്ന SBI പരപ്പനങ്ങാടി ശാഖയിലെ 67060336090 അക്കൌണ്ട് ഇപ്പോഴും നിലനിർത്തിയതായി കാണുന്നു.ഇതിൽ 9338 രൂപ ബാലൻസ് ഉണ്ട്.ബാങ്ക് ബുക്ക് പ്രകാരമുള്ള ബലൻസ് വിവരം ക്രമ നമ്പർ എട്ടിൽ പരാമർശിച്ചിട്ടുണ്ട്.

12-ഫെസ്റ്റിവെൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ വർഷാവസാനം 9000 രൂപ നഗരസഭക്ക് പിരിഞ്ഞ് കിട്ടാനുണ്ട്. ഈ തുക ഫെബ്രുവരി ശമ്പളത്തോടെ മുഴുവനായി പിരിച്ചെടുക്കേണ്ടതാണ്. മുൻകൂർ തുക യഥാസമയം ക്രമീകരിക്കുന്നതിൽ വീഴ്ച്ച വന്നതായി വിലയിരുത്തുന്നു.

13.മുഴുവൻ സ്ഥാവര ജംഗമ ആസ്തികളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

14.മുൻ വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

15.SBI പരപ്പനങ്ങാടി ശാഖയിലെ മാറ്റേർണിറ്റി ബെനഫിറ്റ് സ്കീമിന്റെ അകൌണ്ടിൽ ബാങ്ക് ബുക്ക് പ്രകാരം സീറോ ബാലൻസ് ആണ്.എന്നാൽ പാസ്സ് ബുക്കിൽ 257 രൂപ ബാലൻസ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ അക്കൌണ്ട് ക്ളോസ് ചെയ്തതാണോ എന്ന് വ്യക്തമാക്കേണ്ടതാണ്.
16. ACR പ്രകാരം മറ്റ് ഫണ്ടുകൾ എന്ന് രേഖപ്പെടുത്തി 480000/- രൂപ വരവുണ്ട്. ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിൽ 237500 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14720880 |
| വരവ് | 103519553 |
| ആകെ | 118240433 |
| ചെലവ് | 94681793 |
| നീക്കിയിരിപ്പ് | 23558640 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24549876 | 24549876 | 21939370 | 2610506 | 89.37 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6347049 | 6347049 | 3263046 | 3084003 | 51.41 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 42582 | 42582 | 0 | 42582 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1612137 | 1612137 | 150000 | 1462137 | 9.30 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5741592 | 5741592 | 4206580 | 1535012 | 73.27 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12515554 | 12515554 | 9379495 | 3136059 | 74.94 |
| പെർഫോമൻസ് ഗ്രാന്റ് central | 0 | 4265773 | 4265773 | 1588382 | 2677391 | 37.24 |
| പെർഫോർമൻസ് ഗ്രാന്റ് state | 0 | 1371553 | 1371553 | 371180 | 1000373 | 27.06 |

| | | | | | | |
|---|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 0 | 2225000 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 952520 | 952520 | 886160 | 66360 | 93.03 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 324 | 210608642 | 158 | 67079863 | 9 | 157 | 48.77 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.89ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 15085934 | 16466940 | 1381006 | 9.15 |
| നികുതിയേതര വരവുകൾ | 3134748 | 5377246 | 2242498 | 71.54 |
| ആകെ | 18220682 | 21844186 | 3623504 | 19.89 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 335160 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 2734540 | 345 |

| | | |
|---|---|---|
| വിധവാപെൻഷൻ | 21497500 | 2590 |
| വാർദ്ധക്യകാലപെൻഷൻ | 25228440 | 3076 |
| വികലാംഗപെൻഷൻ | 5625805 | 728 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 11234540 | 149 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ30612 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് റിക്കവറി രജിസ്റ്റർ,മാസ്റ്റർ ഇൻകൃമ്പൻസി രജിസ്റ്റർ ,ഓഫീസ് ഓർഡർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ പിഎച്ച്സി,ഹെഡ്മാസ്റ്റർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ TR7A കാഷ്ബുക്കിലൂടെയല്ല സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്നത്.സ്റ്റാഫിന്റെ അഭാവം നഗരസഭയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5-10-2016 | 2015-16 | 7-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-2-16 മുതൽ 2-3-16 വരെ<br>21-3-16 മുതൽ 23-3-16 വരെ<br>2-4-16 മുതൽ 8-4-16 വരെ | 2010-11 മുതൽ 2015-16 വരെ. | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നികുതി കളക്ഷൻ ഫലപ്രദമല്ല.

വാർഷിക കണക്ക് പ്രകാരം നഗരസഭക്ക് 9667886 രൂപ ലോൺ ഇനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. എന്നാൽ തനത് നികുതി നികുതിയേതര വരവുകൾ യഥാസമയം പിരിച്ചെടുക്കുന്നതിൽ ജാഗ്രത പാലിക്കുന്നില്ല എന്ന് കാണുന്നു.വസ്തു നികുതി ഇനത്തിൽ 95.3 ലക്ഷവും, തൊഴിൽ നികുതി ഇനത്തിൽ 31.8 ലക്ഷവും, വാടക ഇനത്തിൽ 15.9 ലക്ഷവും ഡിമാന്റ് ചെയ്തതായി വാർഷിക കണക്ക് വ്യക്തമാക്കുന്നു.എന്നാൽ 52 ലക്ഷം രൂപ മാത്രമാണ് വസ്തു നികുതി ഇനത്തിൽ തൽവർഷ കളക്ഷൻ .നഗരസഭക്ക് ലഭിക്കേണ്ട തുകയുടെ 54.5 ശതമാനം മാത്രമാണ് കളക്ട് ചെയ്യാൻ സാധിച്ചത് എന്ന് കാണുന്ന.നികുതി പിരിവ് ഫലപ്രദമല്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

വാർഷിക കണക്ക് പ്രകാരം 16.15 കോടി രൂപ (ലൈബ്രറി സെസ്സ് ഒഴികെ) നഗരസഭക്ക് തനത് വരുമാനമായി പിരിഞ്ഞ് കിട്ടാനുണ്ട്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 14113657 |
| തൊഴിൽ നികുതി | 6250 |
| ബസ് സ്റ്റാന്റ് | 53861 |
| ബിൽഡിങ്ങ് വാടക | 455301 |
| ഫിഷ് മാർക്കറ്റ് | 137152 |
| കംഫർട്ട് സ്റ്റേഷൻ | 14084 |
| വസ്തു നികുതി സെസ്സ് | 1373446 |

ഇത്രയധികം നികുതി കുടിശിക വന്നത് ശ്രദ്ധയിൽ പെടുത്തുന്നു.വാർഷിക കണക്കിലെ മേൽ ഇനങ്ങളുടെ നികുതി കുടിശിഖ രേഖപ്പെടുത്തലുകൾ വസ്തുതാപരമാണോ എന്ന് പരിശോധിക്കാൻ ഉതകുന്ന രജിസ്റ്റർ, രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 സർവീസ് സഹകരണ ബാങ്കിലെ പലിശ നിരക്ക്

നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപിക്കുന്നത് പരപ്പനങ്ങാടി സർവീസ് കോ ഓപ്പറേറ്റീവ് ബാങ്കിലാണ്.ഇത് കൂടാതെ ദുരിതാശ്വാസ നിധി അക്കൌണ്ടും ഇതേ ബാങ്കിലാണ് നിക്ഷേപിക്കുന്നത്.തനത് ഫണ്ട് നിക്ഷേപിക്കുന്ന (2103 ൾ അവസാനിക്കുന്ന A/c No.) അകൌണ്ടിൽ ആറ് മാസത്തിൽ ഒരിക്കലാണ് പലിശ ക്രഡിറ്റ് ചെയ്യുന്നത് . ഇപ്രകാരം 01.10.2016 ന് 91720 രൂപയും , 31.03.2017 ന് 48669 രൂപയും പലിശ ഇനത്തിൽ വരവ് വന്നിട്ടുണ്ട്. ദേശസാൽകൃത ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കിങ്ങ് സ്ഥാപനങ്ങൾ പ്രതിവർഷം ഏറ്റവും കുറഞ്ഞത് നാല് ശതമാനം നിരക്കിലാണ് പലിശ നൽകുന്നത്.എന്നാൽ നഗരസഭക്ക് കുറഞ്ഞ നിരക്കിൽ മാത്രമാണ് പലിശ അനുവദിക്കുന്നത് എന്ന് കാണുന്നു. ആദ്യപാദത്തിൽ ശരാശരി 80 ലക്ഷവും , രണ്ടാം പാദത്തിൽ ശരാശരി 40 ലക്ഷം രൂപയും അകൌണ്ടിൽ ബാലൻസ് ഉള്ളതായും കാണുന്നു.ഈ സാഹചര്യത്തിൽ നഗരസഭക്ക് 2016-17 വർഷത്തിൽ സഹകരണ ബാങ്കിൽ നിന്ന് ലഭിച്ച പലിശ140389 രൂപ വളരെ കുറവാണ് എന്ന് ശ്രദ്ധയിൽ പെടുത്തുന്നു.

8214 ൽ അവസാനിക്കുന്ന ദുരിതാശ്വാസ നിധി അക്കൌണ്ടിനും , 2103 ൽ അവസാനിക്കുന്ന തനത്ഫണ്ട് അക്കൗണ്ടിനും എപ്രകാരമാണ് പലിശ അനുവദിക്കുന്നത് , എത്ര നിരക്കിലാണ് അനുവദിക്കുന്നത് , എന്ന് മുതലാണ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്ന വിധത്തിൽ ബാങ്കിൽ നിന്ന് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡിആന്റ്ഒ ലൈസൻസ് ഫീസ് സംബന്ധിച്ച അപാകതകൾ

1ഫീൽഡ് പരിശോധനാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ സ്ഥല പരിശോധന നടത്തേണ്ടതും അപേക്ഷ സംബന്ധിച്ച വിവരം പേഴ്സണൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അന്വേഷണറിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.എന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും അന്വേഷണറിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല.സ്ഥലപരിശോധന നടത്താതെ ലൈസൻസ് നൽകുന്നത് ശരിയായ നടപടിയല്ല.

2 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല
1998 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടങ്ങൾ(റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത്/നഗരസഭ അതിന്റെ പരിധിയിലുള്ള കച്ചവടസ്ഥാപനങ്ങളെ സംബന്ധിച്ച് ഒരു ട്രേഡേഴ്സ് ലിസ്റ്റ്(വാർഡടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇത്തരത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3സ്ഥലനാമം ,പ്ലാസ്റ്റിക്ക് നിരോധനസാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടില്ല

ഡിആന്റ്ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥാപനങ്ങൾ അവ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് ബോർഡിൽ രേഖപ്പെടുത്തി എന്നുറപ്പുവരുത്തുകയും മലിനീകരണ നിയന്ത്രണബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് നൽകേണ്ടതുമാണ്.എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

## 2-4 <u>വാടക കുടിശ്ശിക പിരിച്ചെടുക്കാത്തതു സംബന്ധിച്ച്</u>

A.ഷോപ്പിംഗ് കോംപ്ലക്സ് റൂമുകൾ, മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ എന്നിവയുടെ വാടക സമയബന്ധിതമായി പിരിച്ചെടുത്തിട്ടില്ല. കുടിശ്ശിക വരുത്തിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ര.നം | റൂം/സ്റ്റാൾ നം/പേര് | മാസവാടക | വാർഷിക ഡിമാൻഡ് | വാർഷിക കലക്ഷൻ | ബാലൻസ് | മുൻവർഷ കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 5/930(1)ഫൈസൽ.എം.പി | 9813 | 117756 | 107943 | 9813 | - |
| 2 | 5//930(2) കോനിയത്ത്അസൈനാർ | 4480 | 53760 | 49280 | 4480 | - |
| 3 | 5/930(3)" " | 3747 | 44964 | 41217 | 3747 | - |
| 4 | 5/930(5) പി.ഷാജിത | 3342 | 40104 | 33420 | 6684 | - |
| 5 | 5/930(6)അരുൺ | 4429 | 53148 | 8858 | 44290 | - |
| 6 | 5/930(8)അഭിലാഷ് | 1405 | 16860 | 7025 | 9835 | - |
| 7 | 5/930(9)അൻവർ | 2261 | 27132 | 0 | 27132 | -- |
| 8 | 5/930(10A)അൻവർ | 1792 | 21504 | 0 | 21504 | 71,859 |

| | | | | | | |
|---|---|---|---|---|---|---|
| 9 | 5/591ടി.സൈയതലവി | 490 | 5880 | 980 | 4900 | - |
| 10 | 5/930(16)കെ.അബ്ദുൾ ജബ്ബാർ | 3666 | 43992 | 32994 | 10998 | - |
| 11 | 5/930(18) വി.വിജയൻ | 2525 | 30300 | 15150 | 15150 | - |
| 12 | 5/930(20)യൂസഫ് പി.വി. | 5131 | 61572 | 46179 | 15393 | - |
| 13 | 5/930(21) M.ഷംസുദ്ദീൻ | 7409 | 88908 | 81499 | 7409 | - |
| 14 | 5/930(23)പി.വി.അബ്ദുൾഖാദർ | 1628 | 19536 | 0 | 19536 | 53184 |
| 15 | 5/930(24) സുദേവൻ | 1241 | 14892 | 12410 | 2482 | - |
| 16 | 5/930(25)കോണിയത്ത് അസൈനാർ | 1310 | 15720 | 14410 | 1310 | - |
| 17 | 5/930(35) സി.എൻ.അബ്ദുൾ ഗഫൂർ | 1640 | 19680 | 11487 | 8193 | - |
| 18 | 5/930(36) “ “ | 2623 | 31476 | 18361 | 13115 | - |
| 19 | 5/590 പി.വി. അബ്ദുൾ റഷീദ് | 652 | 7824 | -- | 7824 | 14544 |
| 20 | 5/933 പി.കെ അബൂബക്കർ | 790 | 9480 | 3160 | 6320 | - |
| 21 | 5/935 ബഷീർ സി.കെ | 1985 | 23820 | 17865 | 5955 | |
| 22 | 5/924(c) സുനിൽ.വി. | 4631 | 55572 | 46310 | 9262 | - |
| 23 | 5/924കുടുംബശ്രീ CDS | 1500 | 18000 | -- | 18000 | - |
| | ആകെ | | 821880 | 548548 | 273332 | 139587 |

മത്സ്യ മാർക്കറ്റ് സ്റ്റാളുകൾ

| ക്ര.നം | സ്റ്റാൾ നം. പേര് | മാസവാടക | വാർഷിക ഡിമാൻഡ് | വാർഷിക കലക്ഷൻ | ബാലൻസ് | മുൻവർഷ കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2/മുജീബ് റഹ്മാൻ | 750 | 9000 | --- | 9000 | - | |
| 2 | 3/ ശ്രീ.അഷ്റഫ് | 750 | 9000 | -- | 9000 | 9000 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 4/സുഹൈബ് | 750 | 9000 | 8250 | 750 | 15000 | DCB sttൽ ബാലൻസ് ഇല്ല.ഡിമാൻഡ് രജിസ്റ്റർ പ്രകാരം 750/ രൂ.16-17ൽ അടവാക്കാനുണ്ട് |
| 4 | 5/അബ്ദുള്ളക്കുട്ടി | 750 | 9000 | 7500 | 1500 | - | രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല |
| 5 | 6/ഗസ്സാലി | 750 | 9000 | 7500 | 1500 | 1500 | രജിസ്റ്റർ പ്രകാരം കുടിശ്ശിക 750/രൂ. |
| 6 | 7/സവാദ് | 750 | 9000 | --- | 9000 | 9000 | രജിസ്റ്ററിൽ തുക അടച്ചത് രേഖപ്പെടുത്തിയിട്ടില്ല.ഡി.സി.ബി.യിൽ കുടിശ്ശികയില്ല. |
| 7 | 8/സിദ്ദിഖ്.ഒ | 750 | 9000 | -- | 9000 | -- | രജിസ്റ്ററിൽ തുക അടച്ചത് രേഖപ്പെടുത്തിയിട്ടില്ല.ഡി.സി.ബി.യിൽ കുടിശ്ശികയില്ല. |
| 8 | 9/സൈതലി | 780 | 9360 | 8580 | 780 | ---- | DCBപ്രകാരം കുടിശ്ശിക428/രൂപ |
| 9 | 10/സിദ്ദിഖ് പി,പി | 750 | 9000 | 6500 | 2500 | 750 | രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല |
| 10 | 11/അബ്ദുറഹിമാൻ | 750 | 9000 | 7500 | 1500 | --- | രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല |
| 11 | 12/സെയ്ത്തു മുഹമ്മദ് | 750 | 9000 | 8250 | 750 | 750 | DCBയില് കുടിശ്ശികയില്ല |
| 12 | 30/നബീൽ | 750 | 9000 | - | 9000 | 750 | DCBയിൽകുടിശ്ശിക 3000/,രജിസ്റ്ററിൽ അടവു വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 13 | 31/കുഞ്ഞാമുട്ടി | 750 | 9000 | - | 9000 | 750 | രജിസ്റ്ററിൽ അടവു വിവരം രേഖപ്പെടുത്തിയിട്ടില്ല.ഡി.സി.ബി.യിൽ കുടിശ്ശിക2250/രൂ. |
| 14 | 32/വേലായുധൻ | 750 | 9000 | - | 9000 | - | രജിസ്റ്ററിൽ അടവു വിവരം രേഖപ്പെടുത്തിയിട്ടില്ല.ഡി.സി.ബി.യിൽ കുടിശ്ശികയില്ല |
| 15. | 33/നബീൽ | 3250 | 39000 | - | 39000 | 45500 | |
| | ആകെ | | 165360 | 54080 | 111280 | 83000 | |

മുഴുവൻ വാടകക്കാരുമായും സമാനമായ രീതിയിൽ ചമച്ച കരാർ വ്യവസ്ഥകൾ പ്രകാരം എല്ലാ ഇംഗ്ലീഷ് മാസവും 5-ാം തീയതിയോ അതിനു മുമ്പോ വാടക അടയ്ക്കേണ്ടതാണ്. കരാറിലെ നിബന്ധനകൾലംഘിക്കുക, 2 മാസത്തിലധികം വാടകകുടിശ്ശിക വരുത്തുക എന്നിവ വാടകക്കാരനിൽനിന്നുണ്ടായാൽ ഏകപക്ഷീയമായികരാർ റദ്ദാക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് അധികാരമുണ്ടെന്നും വ്യവസ്ഥയുള്ളതാണ്.

മേല്പറഞ്ഞ വാടകക്കാരിൽ നിന്നും വാടകകുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

B.മത്സ്യ മാർക്കറ്റ് സ്റ്റാളുകളുടെ വാടക-അപാകതകൾ

i.വാടകയിൽ വർഷങ്ങളായി വാർഷിക വർദ്ധന നടത്താറില്ല. ഇത് സംബന്ധിച്ച് കൗൺസിൽ തീരുമാനമെടുത്തിട്ടില്ല.

ii.ഡിമാൻഡ് രജിസ്റ്ററിൽ കൃത്യമായരേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ആയതിനാൽ വാടകപിരിച്ചെടുത്തതിലെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

iii.വാടക കുടിശ്ശിക പിരിച്ചെടുത്തതിൻെറ വിവരം ലഭ്യമാക്കിയിട്ടില്ല

മേല്പറഞ്ഞ അപാകതകൾ ഓഡിറ്റ് എൻക്വയറി (13/27.10.2017) മുഖേന അറിയിച്ചിട്ടുണ്ട്.വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നോട്ടീസ് അയക്കുന്നതാണെന്നും അപാകതകൾ പരിഹരിക്കുന്നതാണെന്നും 27.10.2017 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

വാടക കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി -അപാകതകൾ

പരപ്പനങ്ങാടി നഗരസഭയുടെ 2016-17തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ, തൊഴിൽനികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.തൊഴിൽ നികുതി കുറവായി ഈടാക്കി.

| ജീവനക്കാരൻെറ പേര്/സ്ഥാപനത്തിൻെറ പേര് | അർദ്ധ വർഷം | ആകെ വരുമാനം | തൊഴിൽ നികുതി അടച്ചത് | തൊഴിൽ നികുതി അടവാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|
| അനിൽകുമാർ വി.എച്ച്. ഗേറ്റ് കീപ്പർ സതേൺറെയിൽവേ, | ഒന്നാം അർദ്ധ വർഷം | 1,31,544 | 300 | 1250 | 950 |

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിൻെറ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ | I,II |
| 2 | ചെട്ടിപ്പടി സപ്ലൈകോ മാവേലി സ്റ്റോർ | I |
| 3 | പാലത്തിങ്ങൽസപ്ലൈകോ മാവേലി സ്റ്റോർ | I,II |
| 4 | ഡെൽറ്റ ഓഡിറ്റോറിയം | II |
| 5 | കെ.കെ.ഓഡിറ്റോറിയം | II |
| 6 | റോയൽ ഓഡിറ്റോറിയം | II |

3.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മത്സ്യബോർഡിലെ ജീവനക്കാരുടെ II -ാംഅർധ വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4.സൂപ്പിക്കുട്ടി നഹ മെമ്മോറിയൽ H.S.S ലെ താഴെ പറയുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്.

1.റൂബി പട്ടാളത്തിൽ,H.S.A

2.റജീന യു.വി,H.S.A

3.ഇർഷദ്.ഇ.കെ F.T.M

4.സജിന.പി.എം F.TM

മേല്പറഞ്ഞ അദ്ധ്യാപകരുടെ അംഗീകാരം മുൻകാല പ്രാബല്യത്തോടെയാണെങ്കിൽ പ്രസ്തുത കാലയളവിലെ തൊഴിൽ നികുതി ഈടാക്കോണ്ടതാണ്.

4.റേഷൻകടകൾ,പെട്രോൾ പമ്പുകൾ എന്നിവയിൽനിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

പ്രസ്തുത അപാകതകൾ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.4/24.10.2017)പ്രകാരം അറിയിച്ചിട്ടുണ്ട്.24.10.2017 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾസ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 ലേല സംഖ്യ-കുടിശ്ശിക അടവാക്കിയിട്ടില്ല.

ലേലകുത്തക നിബന്ധന പ്രകാരം തെങ്ങുകളുടെ മേലാദായ ഇനത്തിൽ 3വർഷ കാലാവധിയിലാണ് ലേലം നടത്തുക.ടി ഇനത്തിൽ ലേലംകൊള്ളുന്നവർ ലേലതീയതിയിൽ തന്നെ ലേലതുക മുഴവൻ മുൻസിപ്പാലിറ്റിയിൽ അടവാക്കേണ്ടതാണ്. എന്നാൽതാഴെ പറയുന്ന ലേലങ്ങളിൽ പ്രസ്തുത നിബന്ധന പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലേലത്തിൻെറ പേര് | ലേലം വിളിച്ചെടുത്ത ആളുടെ പേര് | ലേല തീയതി | ലേല സംഖ്യ | ലേലസംഖ്യ അടച്ചത് | അടവാക്കാനുള്ളത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1.ശ്മശാന പ്രദേശത്തെ തെങ്ങുകളിലെ മേലാദായം | ഹനീഫ,മൂസാമിൻെറ പുരക്കൽ | 6.4.2016(പുനർലേലം) | 16,800/- | 6000/- | 10,800/- |
| 2.തണ്ടാണിപ്പുഴ അംഗനവാടി പ്രദേശത്തെ തെങ്ങുകളിലെ മേലാദായം | ഗിരീഷ് തയ്യിൽ | " " | 18,500 | 15000 | 3,500 |
| ആകെ | | | | | 14,300/- |

പ്രസ്തുത അപാകത ഓഡിറ്റ് എൻക്വയറി (നം.7/26.10.2017) പ്രകാരം അറിയിച്ചിട്ടുണ്ട്.26.10.2017ന് ലഭ്യമാക്കിയ മറുപടിയിൽ ലേല കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് അടവാക്കുന്നതിന്അടവാക്കുന്നതിന് നോട്ടീസ് നല്കി അടവാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ മെഡിക്കൽ ഓഫീസർ പിഎച്ച് സി നിർവഹണഉദ്യോഗസ്ഥനായി താഴെ പറയും പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് പണമടവാക്കിയിട്ടുണ്ട്.

| ക്രമ നംമ്പർ | പ്രോജെക്റ്റ് നംമ്പർ | പ്രോജെക്റ്റിന്റെ പേര് | തുക അടവാക്കിയത് | ബിൽ നംമ്പർ തീയതി | സ്ഥാപനം | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|---|
| 1 | SOO02/17 | പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ | 1,00000 | ബിൽ നംമ്പർ 06/16-17 തി.28-02-17 എംജിനോൺ റോഡ് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 47,771 | 52,229 |
| | | | 1,00000 | ബിൽ നംമ്പർ 14/16-17 തി.30-3-17 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 79,222 | 20,778 |
| 2 | SOO03/17 | ഫിഷറീസ് ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ | 1,00000 | ബിൽ നംമ്പർ 07/16-17 തി.29-02-17 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 56,395 | 43,605 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | SOO05/17 | പരിരക്ഷാ പദ്ധതിക്ക് മരുന്ന വാങ്ങൽ | 1,40000 | ബിൽ നംമ്പർ13/16-17 തി.30-03-17 വികസനഫണ്ട് | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 84,272 | 55,728 |
| | | | 1,49999 | ബിൽ നംമ്പർ05/16-17 തി.28-02-17 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 1,06797 | 43,202 |
| | | ആകെ | 5,89999 | | | 3,74457 | 2,15542 |

ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അടവാക്കിയ തുകക്ക് മരുന്ന് പൂർണ്ണമായി, ഇൻവോയ്സ് ഉൾപ്പെടെ ലഭ്യമാക്കിയ വിവരം അറിയിക്കുന്നത് വരെ ചെലവ് തുക 2,15,542 രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ഇതു സംബന്ധിച്ച് 1/24-10-17 പ്രകാരം ഓഡിറ്റ്എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-2 സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

പ്രോജെക്റ്റ് നമ്പർ SO256/17, പത്താംതരത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ കൊടുക്കൽ പ്രകാരം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും 136513 രൂപ പിൻവലിക്കുകയും ടെണ്ടർ നടപടിയിലൂടെ റിയൽ ഗ്രൂപ്പ് ഓഫ് കമ്പനി കുറ്റൂർ മലപ്പുറത്തുനിന്നും താഴെ പറയും പ്രകാരം സൈക്കിളുകൾ വാങ്ങിയിട്ടുമുണ്ട്.

| സൈക്കിളിന്റെ തരം | എണ്ണം | തുക |
|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 22 | 3475*22=76450 |
| പെൺകുട്ടികളുടെ സൈക്കിൾ | 15 | 3571*15=53565 |
| | | നികുതി-6498 |
| ആകെ | 37 | 136513 |

മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് പട്ടികജാതിവകുപ്പിൽ നിന്നും മുമ്പ് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 136513 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് 3/24-10-17 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടിയിൽ പ്രസ്തുത രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

## 3-3 ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

മുൻ വർഷങ്ങളിലെ ഭവനപദ്ധതികളിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഒന്നോ ഒന്നിലധികമോ ഗഡു ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

1 തണൽ ഭവനപദ്ധതി ഒന്നാംഘട്ടം

| ക്രമനംമ്പർ | പേരുവിവരം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി സിന്ധു കെ w/o ബാബു തൊണ്ടാലയിൽ | 80,000 |
| 2 | ശ്രീമതി സൗദാബി എൻ w/o യൂസഫ് നാലകത്ത് | 1,80000 |
| 3 | ശ്രീമതി ശരീഫ വി പി w/o അബ്ദുസ്സമദ് | 1,00000 |
| 4 | ശ്രീമതി ഫൗസിയ മച്ചിങ്ങൽ w/o അഷ്റഫ് | 1,40000 |
| 5 | ശ്രീമതി റഹീന നാലകത്ത് w/o അബ്ദുൾ അഷ്റഫ് | 60,000 |

| | | |
|---|---|---|
| 6 | ശ്രീ അസീസ് ചാലിയൻ | 1,80000 |
| 7 | ശ്രീമതി ബീപാത്തുമ്മ കാളങ്ങാടൻ | 80,000 |

2 ഇ.എം.എസ് ഭവനപദ്ധതി

| ക്രമനമ്പർ | പേര് വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീ അബ്ദുൾഗഫൂർ വി പി വലിയ പറമ്പിൽ | 22500 |
| 2 | ശ്രീ കുഞ്ഞിമരക്കാർ പാലമഠത്തിൽ | 62500 |
| 3 | ശ്രീ രാജഗോപാലൻ പടാട്ട് തൊടി | 52500 |

3 തണൽ ഭവനപദ്ധതി രണ്ടാംഘട്ടം

| ക്രമനമ്പർ | പേര് വിവരം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | റീന w/o സുകുമാരൻ നടാനകണ്ടി,കരിപ്പുറത്ത് | 75,000 |
| 2 | സൈഫുന്നീസ w/o അയൂബ് മമ്മിക്കകത്ത്,ഉള്ളണം | 50,000 |
| 3 | ഹസീന w/o ഫൈസൽ പോക്കുവിന്റെ പുരയ്ക്കൽ | 50,000 |
| 4 | കല്ല്യാണിക്കുട്ടി w/o ഭാസ്കരൻ തോലൻ വീട്ടിൽ | 50,000 |
| 5 | സുബൈദ w/o ഗഫൂർ അമ്മാറമ്പത്ത് | 50,000 |

തണൽ ഭവനപദ്ധതി രണ്ടാംഘട്ടത്തിൽ ആകെ 87 വീട്ടുകളിൽ 44 എണ്ണം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരിച്ചീടാക്കേണ്ടതാണ്.

## 3-4 വിനിയോഗ സാക്ഷ്യപത്രവും വരവുചെലവു കണക്കുകളും ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന ചെലവുകളിൽ വരവുചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

1. വൗച്ചർ 21600968/29-12-16 , 10,000 രൂപ.സ്കൂൾ കലോൽസവം സംഭാവന

പരപ്പനങ്ങാടി ഉപജില്ലാ സ്കൂൾ കലോൽസവം നടത്തിപ്പിന് സ്വാഗത സംഘം ചെയർമന്റെ 8-11-2016 ലെ അഭ്യർത്ഥനയുടെയും ജി.ഒ (ആർ.ടി) 3248/2016/ ത.സ്വ.ഭ.വ തിയ്യതി 30-11-16 സർക്കാർ ഉത്തരവും പ്രകാരം നൽകിയത്.സംഭാവന നൽകുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ പജില്ലാ സ്കൂൾ കലോൽസവം ജനറൽ കൺവീനർ ( പ്രിൻസിപ്പാൾ, നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ) ആഡിറ്റ് ചെയ്ത ചെലവുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. പ്രൊജക്റ്റ് നമ്പർ 227/17 താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് യൂണിറ്റിന് സംഭാവന നൽകൽ

വൗച്ചർ നമ്പർ 21601140/ 14-2-17 , 3,00,000 രൂപ

തനത് ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ ജി.ഒ ( എം.എസ്) നമ്പർ 2440/2016 ത.സ്വ.ഭ.വ തിയ്യതി 12-08-16 ഉത്തരവിലെ യഥേഷ്ടാനമതി അടിസ്ഥാനമാക്കിയാണ് നഗരസഭ തുക നൽകിയത്. അനുമതി ഉത്തരവിൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രി ഡയാലിസിസ് സെന്റർ മാനേജ്മെന്റ് കമ്മിറ്റിയുടെ കണക്കുകൾ പരിശോധിക്കാൻ വിവിധ ഓഡിറ്റ് വിഭാഗങ്ങൾക്ക് അധികാരമുണ്ടായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3. പ്രൊജക്ട് നമ്പർ 363/17 ഡി.പി.സി മന്ദിരം നിർമ്മാണം സംഭാവന നൽകൽ

വൗച്ചർ നമ്പർ 21601158/ 18-2-17 , 2,00,000 രൂപ വികസന ഫണ്ട് പൊതു വിഭാഗം.

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

4.പ്രൊജക്ട് നമ്പർ 350/17 ഐ.എ.വൈ (എസ്.സി) അധിക വിഹിതം.

വൗച്ചർ നമ്പർ 21601156/ 18-2-17 , 1,00,000 രൂപ വികസന ഫണ്ട് എസ്.സി.പി

തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയത്. കൈപ്പറ്റും വിനിയോഗ സാക്ഷ്യപത്രവും ഇല്ല.

5.പ്രൊജക്ട് നമ്പർ 228/17 സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന നൽകൽ

വൗച്ചർ നമ്പർ 21600983/ 31-12-16 - 8,00,000 രൂപ വികസന ഫണ്ട് പൊതു വിഭാഗം.കൈപ്പറ്റ് മാത്രമാണ് ഹാജരാക്കിയത്.

## 3-5 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ 25% ൽ അധികം മൂല്യം അനുവദിച്ച് നൽകിയത് സംബന്ധിച്ച്.

പ്രൊജക്ട് നം : SO273/17 (316/15,258/16)

അട്ടക്കുഴിക്കര അങ്കണവാടി കെട്ടിട നിർമ്മാണം

അടങ്കൽ : 408274.00 പ്ലാൻ (ലോ.ബാ)

191726.00 പ്ലാൻ(ധ.ക.ഗ്ര)

ചെലവ് : 408274 .00

വൌച്ചർ നം.116/15-16

191726.00

ബിൽ നം.20/6.3.17

എം.ബുക്ക് : 50/15-16

കരാർ :20/18.6.15

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ 6ആം ഇനം 1:1.5:3 അനുപാതത്തിൽ 20 എം,എം മെറ്റൽ ഉപയോഗിച്ച് പ്ലിൻത് ബീം നിർമ്മിക്കലാണ്. 2920 ഡി.എം3 പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുന്നതിന് 125.31/10ഡി.എം3 നിരക്കിൽ തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ മേൽ എം.ബുക്ക് പേജ് 19,26 പ്രകാരം ഈ പ്രവൃത്തി 3.32+0.991=4.312എം3 നിർവ്വഹിച്ചിട്ടുണ്ട്. ഇതിന് 125.31/10ഡി.എം3 നിരക്കിൽ 54033.67 രൂപ, വർക്ക് സ്ലിപ്പ് പ്രകാരം അംഗീകാരം വാങ്ങി, മേൽ ബില്ലുകൾ അനുസരിച്ച് കൺവ്വീനർക്ക് നൽകിയിട്ടുമുണ്ട്. കേരള പൊതു മരാമത്ത് മാന്വൽ അനുസരിച്ച് എസ്റ്റിമേറ്റില് ഉൾപ്പെടുന്ന ഇനങ്ങൾ എഗ്രിമെന്റ് ക്വാണ്ടിറ്റിയിലും 25% വരെ അധികരിക്കാവുന്നതാണ്. ഏതെങ്കിലും ഒരു ഇനം 25% അധികരിക്കുകയാണെങ്കിൽ, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഒറിജിനൽ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയ അധികാര കേന്ദ്രത്തിൽ നിന്നും അനുമതി വാങ്ങണം. ഈ നിബന്ധന ഇവിടെ പാലിച്ചിട്ടില്ല. ഇതിന്റെ വെളിച്ചത്തിൽ, മേൽപ്പറഞ്ഞ ഇനം 6പ്രവൃത്തിയിൽ താഴെ പറയും പ്രകാരം അർഹമായതിലും 8293.00രൂപ കൺവ്വീനർക്ക് അധികം നൽകാനിടയായിട്ടുണ്ട്

നൽകിയ തുക - 4.312x125.31/10ഡി.എം3= 54033.67

അർഹമായ തുക – 3.65x125.31/10ഡി.എം3= 45738.15

(2.92x25%=0.73, 2.92+0.73=3.65 എം3)

അധികം നൽകിയത് = 8295.52

മേൽപറഞ്ഞ അപാകതയുടെ വെളിച്ചത്തിൽ കൺവ്വീനർക്ക് അധികം നൽകിയ 8296.00 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രസ്തുത തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ട്

(16/27,10.16 നമ്പർ എൻക്വയറി മുഖേനെ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.)

## 3-6 കൊടപ്പാളി ഭാഗത്തെ വാട്ടർ പൈപ്പ് ലൈൻ നീട്ടൽ - നിലവിലെ വിവരം വിശദീകരിക്കേണ്ടതാണ്.

പ്രൊജക്ട് നം : 304/17

അടങ്കൽ : 175000.00 പ്ലാൻ (ധ.ക.ഗ്ര)

ചെലവ് : 175000.00

ബിൽ നം.25/15.3.17

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ വിശദമായ എസ്റ്റിമേറ്റ് വാട്ടർ അഥോറിറ്റി തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ, കരാർ ചമച്ച്, പ്രൊജക്ട് നിർവ്വഹണത്തിനായി 175000.00 രൂപ വാട്ടർ അഥോറിറ്റി മലപ്പുറം പി.എച്ച്. ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിലവിലുള്ള അവസ്ഥ ആരാഞ്ഞതിൽ, പ്രൊജക്ട് പൂർത്തിയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, ഇക്കാര്യം വ്യക്തമാക്കുന്ന വിനിയോഗ സാക്ഷ്യ പത്രം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയതിന് വിധേയമായി ചെലവ് തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 റോഡ് നിർമ്മാണം - കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് തെറ്റായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചത് കാരണം അധികച്ചെലവ്.

ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് 20 എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന്, പ്ലിൻത് ലെവൽ വരെ, 4.1.3 സ്പെസിഫിക്കേഷനാണ് അനുവദനീയമായിട്ടുള്ളത്. കെട്ടിടങ്ങളുടെ തറ കോൺക്രീറ്റ് ചെയ്യുമ്പോൾ ചെയ്യുന്നതുപോലെ ഫ്ലോറിൽ കോൺക്രീറ്റ് ലെവൽ ചെയ്ത് പരത്തി അടിച്ചമർത്തി വൃത്തിയായി വിരിക്കേണ്ടതിന്റെ ആവശ്യകത റോഡ് കോൺക്രീറ്റ് ചെയ്യുമ്പോൾ ഇല്ലാത്തതിനാൽ, 20 എം.എം മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിൽ റോഡ്/ഫുട്പാത്ത്/ഡ്രൈനേജ് കോൺക്രീറ്റ് ചെയ്യുന്നതിനും 4.1.3 സ്പെസിഫിക്കേഷൻ തന്നെയാണ് അനുവദനീയം. എന്നാൽ ഇതിന് വിരുദ്ധമായി 2015-16 ൽ സാങ്കേതിക അനുമതി ലഭിച്ച്, തൻവർഷം നിർവ്വഹിച്ച ചില പ്രൊജക്ടുകളിൽ 4.1.3ന് പകരം ഫ്ലോറിംഗിന് അനുവദനീയമായിട്ടുള്ള 11.7 സ്പെസിഫിക്കേഷൻ അനുവദിച്ചിട്ടുണ്ട്. ഇത് കാരണം പ്രസ്തുത പ്രൊജക്ടുകളിൽ താഴെ വിശദമാക്കിയ പ്രകാരം അധികച്ചെലവ് വന്നിട്ടുണ്ട്. അതേ സമയം, 2015-16 ൽ സാങ്കേതിക അനുമതി ലഭിച്ച ചില പ്രൊജക്ടുകളിലും, 2016-17 ൽ സാങ്കേതിക അനുമതി ലഭിച്ച ഭൂരിഭാഗം പ്രൊജ്ക്ടുകളിലും, 4.1.3 സ്പെസിഫിക്കേഷനാണ് ഇതേ പ്രവൃത്തിക്ക് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ, താഴെ പറയുന്ന പ്രൊജക്ടുകളിൽ അനുവദനീയമായ സ്പെസിഫിക്കേഷന് പകരം ഉയർന്ന സെപസിഫിക്കേഷൻ അനുവദിച്ചത് ക്രമ പ്രകാരമല്ല. മാത്രമല്ല, മലപ്പുറം ജില്ലയിലെ മറ്റ് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 2015-16 ൽ പ്ലിൻത് വരെയുള്ള റോഡ്/ഫുട്പാത്ത്/ഡ്രൈനേജ് കോൺക്രീറ്റിന് 4.1.3 സ്പെസിഫിക്കേഷനാണ് അനുവദിച്ചിട്ടുള്ളത്.

| പ്രൊജക്ടിന്റെ വിവരം | 11.7 സ്പെസിഫിക്കേഷൻ അനുസരിച്ച് നിർവ്വഹിച്ച പ്രവൃത്തി (എം3), | 4.1.3 സ്പസിഫിക്കേഷൻ അനുസരിച്ച് അനുവദിക്കാവുന്ന പ്രതിഫലം | അധികം നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| | അനുവദിച്ച പ്രതിഫലം(രൂപ) (DSR2014-COI.1.3048) | | |
| 1) SO.274/17<br>റെയിൽവെ സെക്കന്റ് പ്ലാറ്റ്ഫോം റോഡ്<br>അടങ്കൽ:3 ലക്ഷം(പ്ലാൻ)<br>0.5 ലക്ഷം (തനത്)<br>ചെലവ്:ബിൽ നം,21/15.3.17, 3 ലക്ഷം<br>ചെക്ക് നം:1807326/9.3.17<br>35517/-രൂപ<br>എം.ബുക്ക്:42/16-17<br>TS.No.363/5.8.15 | ഇനം.4<br>22.90x6534.40=149637.76 | 22.90X6202.11=142028.32 | 7609.00 |
| 2) SO.27/17<br>മാപ്പുറം റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ:499500/-(പ്ലാൻ)<br>ചെലവ്:ബിൽ നം. 3/1.11.2016, 499500.00<br>എം.ബുക്ക്:84/15-16<br>TS.No.159/2.6.15 | ഇനം.4<br>35.80x6534.40=235707.00 (233931.00 രൂപക്ക് പകരം 235707.00 രൂപ നൽകി.) | 35.80X6202.11=222035.54 | 13671.00 |
| 3) SO.31/17<br>ബീച്ച് റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ:499500/-<br>(ധ.ക.ഗ്രാന്റ് )<br>ചെലവ്:ബിൽ നം. 5/1.11.2016, 499500.00<br>എം.ബുക്ക്:128/14-15 | ഇനം.4<br>32.80x6534.40=<br>214328.32 | 32.80X6202.11=203429.21 | 10899.00 |

| | | | |
|---|---|---|---|
| TS.No.175/2.6.15 | | | |
| 4) SO.26/17<br>പത്തായിച്ചിറ മൂങ്ങാത്തും തറ ഫുട്പാത്ത്<br>അടങ്കൽ:200000.00(തനത്)<br>ചെലവ്:ചെക്ക് നം. 5149548/1.11.16, 166559.00<br>എം.ബുക്ക്:72/15-16<br>TS.No.157/2.6.15 | ഇനം.4<br>13.73x6534.40=89717.31 | 13.73X6202.11=85154.97 | 4562.00 |
| 5) SO.90/17<br>ചേരിമ്മൽ കോളനി പാത്ത്‌വെ<br>അടങ്കൽ:1ലക്ഷം(പ്ലാൻ. scp)<br>ചെലവ്:1ലക്ഷം, ബിൽ നം. 54/30.3.17,<br>എം.ബുക്ക്:47/10-11<br>TS.No.920/23.2.16 | ഇനം.2<br>4.5x6534.40=<br>29404.80 | 4.5X6202.11=<br>27909.49 | 1495.00 |
| 6) SO.94/17<br>സ്റ്റേഡിയം എൻട്രൻസ് കോൺക്രീറ്റിംഗ്<br>അടങ്കൽ:1ലക്ഷം(ധ.ക.ഗ്ര)<br>ചെലവ്:1ലക്ഷം, ബിൽ നം. 11/31.12.16,<br>എം.ബുക്ക്:78/15-16<br>TS.No.166A/2.6.15 | ഇനം.2<br>7.82x6534.40=51099.00 | 7.82X6202.11=48500.50 | 2598.00 |

| | | | |
|---|---|---|---|
| 7) SO.24/17<br>കരിങ്കല്ലത്താണി അങ്കണവാടി കോൺക്രീറ്റിംഗ്<br>അടങ്കൽ:2ലക്ഷം(തനത്)<br>ചെലവ്:2ലക്ഷം, ചെക്ക് നം. 5149546/5.10.16<br>എം.ബുക്ക്:42/15-16<br>TS.No.150/2.6.15 | ഇനം.4<br>13.05x6534.40=85273.92 | 13.05X6202.11=80937.53 | 4336.00 |
| 8) SO.49/17<br>കരിങ്കല്ലത്താണി അങ്കണവാടി കോൺക്രീറ്റിംഗ്<br>അടങ്കൽ:1.5ലക്ഷം(തനത്)<br>ചെലവ്:134923.00, ചെക്ക്.നം. 5149550/19.12.16<br>എം.ബുക്ക്:70/15-16<br>TS.No.469/12.8.16 | ഇനം.4<br>8.68x6534.40=<br>56725.13 | 8.68X6202.11=<br>53834.31 | 2890.00 |
| 9) SO.52/17<br>അബ്ദുള്ളക്കുട്ടി റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ:2.5ലക്ഷം(തനത്)<br>ചെലവ്: 2.5, ചെക്ക്.നം. 5149546/5.10.16<br>എം.ബുക്ക്:82/15-16<br>TS.No.920/13.2.16 | ഇനം.4<br>17.77x6534.40=116135.89 | 17.77X6202.11=110230.00 | 5905.00 |
| 10) SO.39/17<br>തേനാംകുളത്ത് പാത്ത് വെ കോൺക്രീറ്റിംഗ് | ഇനം.2<br>9.00x6534.40=<br>58809.30 | 9.00X6202.11=<br>55818.99 | 2990.00 |

| | | | |
|---|---|---|---|
| അടങ്കൽ:1.5ലക്ഷം(തനത്)<br>ചെലവ്: 1.5, ചെക്ക്.നം. 5149546/5.10.16<br>എം.ബുക്ക്:3/15-16<br>TS.No.448/13.8.15 | | | |
| 11) SO.62/17<br>കുന്നൂർ റോഡ് കോൺക്രീറ്റിംഗ്<br>അടങ്കൽ:60000.00(ധ.ക.ഗ്ര)<br>ചെലവ്:60000.00, ബിൽ നം. 10/31.12.16,<br>എം.ബുക്ക്:143/14-15<br>TS.No.149/2.6.15 | ഇനം.3<br>4.52x6534.40=<br>29535.49 | 4.52X6202.11=<br>28033.53 | 1501.00 |
| 12) SO.97/17<br>മൂച്ചിക്കൽ സ്റ്റേഡിയം റോഡ് ഫുട്പാത്ത്<br>അടങ്കൽ:1.5ലക്ഷം(തനത്)<br>ചെലവ്: 140301/- ചെക്ക്.നം. 5149548/1.11.16<br>എം.ബുക്ക്:71/15-16<br>TS.No.781/18.11.15 | ഇനം.4<br>9.87x6534.40=<br>64494.53 | 9.87X6202.11=<br>61214.83 | 3280.00 |
| 13) SO.61/17<br>കുട്ടി അധികാരി പാത്ത്‌വെ കോൺക്രീറ്റിംഗ്<br>അടങ്കൽ:1.00ലക്ഷം(തനത്)<br>ചെലവ്: 1ലക്ഷം, ചെക്ക്.നം. 5149548/1.11.16<br>എം.ബുക്ക്:221/14-15<br>TS.No.484/12.8.15 | ഇനം.3<br>8.05x6534.40=<br>52601.92 | 8.05X6202.11=<br>49926.98 | 2675.00 |

| | | | |
|---|---|---|---|
| | | | |
| 14) SO.37/17<br>വി.പി.കെ ഫുട്പാത്ത് കോൺക്രീറ്റിംഗ്<br>അടങ്കൽ:1ലക്ഷം(തനത്)<br>ചെലവ്: 1ലക്ഷം, ചെക്ക്.നം. 1807335/16.3.17<br>എം.ബുക്ക്:5/15-16<br>TS.No.441/12.8.15 | ഇനം.3<br>7.69x6534.40=<br>50249.53 | 7.69X6202.11=<br>47694.22 | 2555.00 |
| 15) SO.86/17<br>നടുക്കലെക്കണ്ടി ഫുട് പാത്ത്<br>അടങ്കൽ:1 ലക്ഷം(ധ.ക.ഗ്ര)<br>3 ലക്ഷം (തനത്)<br>ചെലവ്:ബിൽ നം.17./6.3.17, 3 ലക്ഷം<br>ചെക്ക് നം:1807325/9.3.17<br>294776/-രൂപ<br>എം.ബുക്ക്:36/15-16<br>TS.No.428/12.8.15 | ഇനം.4<br>31.418x6534.40=205297.78 | 31.418X6202.11=194857.89 | 10440.00 |
| 16) SO.11/17<br>ചോണാത്തിൽ പാടം ഡ്രൈനേജ് നിർമ്മാണം<br>അടങ്കൽ:1ലക്ഷം(തനത്)<br>2 ലക്ഷം(പ്ലാൻ)<br>ചെലവ്: 2 ലക്ഷം/- വൌച്ചർ നം.72/15-16<br>1ലക്ഷം, ചെക്ക്.നം. 5149546/5.10.16. | ഇനം.2<br>16.16x6534.40=<br>105595.90 | 16.16X6202.11=100226.09 | 5370.00 |

| | | | |
|---|---|---|---|
| എം.ബുക്ക്:204/14-15<br>TS.No.113/2.6.15 | | | |
| 17) SO.85/17<br>കുണ്ടിൽ ഡ്രൈനേജ് സ്ലാബ് നിർമ്മാണം<br>അടങ്കൽ:1ലക്ഷം(തനത്)<br>2 ലക്ഷം(ധ.ക.ഗ്ര)<br>ചെലവ്: 2 ലക്ഷം/- ബിൽ നം.8/31.12.16<br>1ലക്ഷം, ചെക്ക്.നം. ------------------<br>എം.ബുക്ക്:75/15-16<br>73/15-16<br>TS.No.925/23.2.16 | ഇനം.2<br>15.67x6534.40=<br>102047.72 | 15.67X6202.11=96858.35 | 5189.00 |
| 18) 310/17<br>അയ്യപ്പൻ തറ ഫുട്പാത്ത് നിർമ്മാണം.<br>അടങ്കൽ:2ലക്ഷം(ധ.ക.ഗ്ര)<br>ചെലവ്:2 ലക്ഷം, ബിൽ നം. 32/29.3.17,<br>എം.ബുക്ക്:50/16-17<br>TS.No.411//16-17 | ഇനം.3(COI-1.3619<br>12.714x7843.45=99721.62 | 12.714X7444.55=94545.78 | 5176.00 |
| ആകെ | | | 93141.00 |

അപാകതകളുടെ വെളിച്ചത്തിൽ അധികച്ചലവ് വന്ന തുക, 93141.00, രൂപ പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ എഞ്ചിനീയറുടെയും ആയതിന് സാങ്കേതിക അനുമതി നൽകിയ തിരൂരങ്ങാടി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ 6/26.10.17 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ മറുപടി തന്നിട്ടില്ല.

## 3-8 ജി.യു.പി.എസ്. പൂത്തൻ കടപ്പുറം നവീകരണം - ടൈൽ വിരക്കുന്ന പ്രവൃത്തിക്ക് അധികം തുക നൽകി.

പ്രൊജക്ട് നം : 218/17

അടങ്കൽ :

എം.ബുക്ക് : 99/16-17

ചെലവ് : 524811.00

ബിൽ നം.55/30.3.17

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഏഴാമത്തെ ഇനം ക്ലാസ് മുറികളുടെയും വരാന്തയുടെയും മറ്റും തറ ടൈൽ വിരിക്കലാണ്. എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയതനുസരിച്ച് നാല് ക്ലാസ് മുറികളിൽ ആകെ 4x6.40x6.50=166.40 എം2 സ്ഥലത്ത് ടൈൽ വിരിച്ചിട്ടുണ്ട്. ഇതിന് എം.2 ന് 998.34 രൂപ നിരക്കിൽ 166123.78 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ 26.10.17 ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ പ്രൊജക്ട് ഭൗതിക പരിശോധനക്ക് വിധേയമാക്കിയപ്പോൾ നാല് ക്ലാസ് മുറികളിൽ ടൈൽ വിരിച്ചതിന്റെ അളവ് (1x6.40x6.50=41.60) + (3x6.40x6.25=120)=161.60 എം.2 മാത്രമാണെന്ന് കണ്ടു. ഇതിന് 161.60x998.34 =161331.74 രൂപ മാത്രമെ അനുവദനീയമായിട്ടുള്ളൂ. ആയതിനാൽ അധികം നൽകിയ തുക 166123.78-161331.74 =4792.00 ഉത്തരവാദിയായ എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-9 കരാറുകാർ സംഘടിച്ച് മുൻസിപ്പാലിറ്റിക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കി.

മുൻ വർഷങ്ങളിൽ നിന്നും വിഭിന്നമായി, തൻവർഷം മുൻസിപ്പാലിറ്റിയുടെ മരാമത്ത് പ്രൊജക്ടുകൾ എല്ലാം , ഗുണ ഭോക്തൃ സമിതികളെ നിർവ്വഹണം ഏല്പിക്കാതെ, ടെണ്ടർ മുഖേനെയാണ് നിർവ്വഹിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊജക്ടുകളിൽ കോൺക്രീറ്റ് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രൊജക്ടുകളുടെ ടെണ്ടറുകൾ എസ്റ്റിമേറ്റിലും ശരാശരി 25% കുറഞ്ഞ നിരക്കിലാണ് ടെണ്ടർ ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രൊജക്ടുകളിൽ നിന്നുള്ള ടെണ്ടർ കുറവ് ഇനത്തിൽ തൻവർഷം 30 ലക്ഷത്തിൽ അധികം തുക ലാഭം ഉണ്ടായിട്ടുണ്ട്. എന്നാൽ, പ്രൊജക്ടുകൾക്ക് മത്സരാത്മക ടെണ്ടറുകൾ ലഭിച്ചുകൊണ്ടിരുന്ന രീതി തൻ വർഷത്തെ അവസാന ടെൻഡർ ആയ 10.3.17 ലെ ടെണ്ടറിൽ തുടർന്നിട്ടില്ല. മുമ്പ് ഓരോ പ്രൊജക്ടുകൾക്കും അഞ്ചും പത്തും ടെണ്ടർ ലഭിച്ചിരുന്നതിന്റെ സ്ഥാനത്ത്, 10.3.17 ൽ ടെണ്ടർ ചെയ്ത 13പ്രൊജക്ടുകൾക്കും ശരാശരി രണ്ട് ടെണ്ടറാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ രണ്ടെണ്ണം ഒഴികെ ബാക്കി എല്ലാ പ്രൊജക്ടുകൾക്കും എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടറുകളാണ് ഏറ്റവും കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. ടെണ്ടർ രജിസ്റ്റർ പ്രകാരം ഈ പ്രൊജക്ടുകളുടെ ആകെ അടങ്കൽ 29.25 ലക്ഷം രൂപ വരുന്നുണ്ട്. ഈ പ്രൊജക്ടുകളിൽ ഭൂരിഭാഗവും കോൺക്രീറ്റ് റോഡ് നിർമ്മാണ പ്രൊജക്ടുകളായതിനാൽ, ശരാശരി 20% ടെണ്ടർ കുറവ് ലഭിച്ചിരുന്നുവെങ്കിൽ തന്നെ നഗരസഭക്ക് 585000.00 രൂപ ലാഭം ഉണ്ടാകുമായിരുന്നു. എന്നാൽ കരാറുകാർ സംഘടിതമായി പ്രവർത്തിച്ച്, മത്സരാത്മകമായ ടെണ്ടർ സമർപ്പിക്കാതെ, പ്രസ്തുത തുക നഗരസഭക്ക് നഷ്ടമാകാൻ ഇടയാക്കിയിട്ടുണ്ട്. നഗര സഭയുടെ സാമ്പത്തിക താല്പര്യത്തിന് എതിരായി ഇപ്രകാരം പ്രവർത്തിച്ച കരാറുകാർക്കെതിരെ മാതൃകാപരമായ നടപടികൾ സ്വീകരിച്ച്, ഭാവിയിൽ ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്. ആയതിന്, വിഷയത്തിലേക്ക് നഗരസഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രൊജക്ട് നിർവ്വഹണം ത്വരിതപ്പെടുത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് (എം.എസ്)നം.163/2015/ആർ.ഡി തീയ്യതി.29.4.15 പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 53.38 സെന്റ് (21.60 ആർ) സ്ഥലം പരപ്പനങ്ങാടി പഞ്ചായത്തിന് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് വേണ്ടി 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. സെന്റിന് 38000.00 രൂപ പ്രകാരം 2028400.00 രൂപ കമ്പോള വില കണക്കാക്കിയാണ് ലീസ് അനുവദിച്ചിട്ടുള്ളത്. ഇതിന് ആർ ഒന്നിന് 100.00 രൂപ നിരക്കിൽ 2160.00 രൂപയാണ് വാർഷിക ലീസ് ഫീ നിജപ്പെടുത്തിയിരുന്നത്. എന്നാൽ

സ.ഉ(എം.എസ്)നം.96/2016/RD തീയ്യതി.6.2.16പ്രകാരം ലീസ് ഫീ കമ്പോള വിലയുടെ ഒരു ശതമാനം ആയി നിജപ്പെടുത്തിയതിനെ തുടർന്ന് വാർഷിക ലീസ് ഫീ ഇനത്തിൽ 2016-17 മുതൽ 20284.00 രൂപ അടവാക്കി വരുന്നുണ്ട്.

മേൽപ്പറഞ്ഞ പ്രകാരം ഭൂമി ലഭ്യമായതിനെ തുടർന്ന്, 2015-16 ൽ, പ്രൊജക്റ്റ് നമ്പർ 310/16 ആയി 18355946 രൂപ എം.എൽ.എ ഫണ്ടും (പി.കെ.അബ്ദു റബ്ബ് എം,എൽ.എ.യുടെ ആസ്തി വികസന ഫണ്ട്), 2.5 ലക്ഷം രൂപ തനത് ഫണ്ടും വകയിരുത്തി സ്റ്റേഡിയം നിർമ്മാണത്തിന് പ്രൊജക്റ്റ് ആവിഷ്കരിച്ചിരുന്നു. പ്രസ്തുത പ്രൊജക്റ്റ് 2016-17 ൽ പ്രൊജക്റ്റ് നമ്പർ 83/17 പ്രകാരം 18355946 രൂപ എം.എൽ.എ ഫണ്ടും, 22000.00രൂപ തനത് ഫണ്ടും വകയിരുത്തി സ്പിൽ ഓവറായി തുടർന്നിട്ടുണ്ട്.

സ്വകാര്യ ആർക്കിടെക്റ്റുകളുടെ സേവനം ഉപയോഗപ്പെടുത്തി രൂപ കല്പന, ആർക്കിടെക്ച്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് സ.ഉ(സാധ)നം.2049/14/തസ്വഭവ തീയ്യതി.7.8.14 പ്രകാരം പഞ്ചായത്തുകൾക്കും അനുമതിയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് തീരുമാനം VII(1)/22.7.15 അനുസരിച്ച്, സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്ന ജോലി എൽ.ബി.എസ് നെ ഏല്പിച്ചു. ഈ ജോലി നിർവ്വഹിച്ച എൽ.ബി.എസ് ന് താഴെ പറയും പ്രകാരം പ്രതിഫലം നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ | തുക | നിർവ്വഹിച്ച പ്രവൃത്തി | തുക അനുവദിച്ചതിന്റെ വിവരം |
|---|---|---|---|
| 175/1.12.15 | 173261.00 | മണ്ണ് പരിശോധന | 228000.00 രൂപ<br>ഡി.ഡി.നം.162577/15.9.15 |
| 058/27.9.16 | 211093.00 | സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കൽ<br>(18355946x1%) | 134354.00 രൂപ<br>വൗച്ചർ നം.21600721/25.10.16<br>22000.00 രൂപ<br>വൗച്ചർ നം.21600722/25.10.16 |
| ആകെ | 384354.00 | | 384354.00 |

എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ തന്റെ 86/16-17/11.1.17 നമ്പർ കത്തിൽ, എൽ.ബി.എസ് തയ്യാറാക്കിയ സ്ട്രക്ചറൽ ഡിസൈൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യറാക്കിയാൽ പ്രൊജക്റ്റ് പൂർത്തീകരിക്കാൻ 3 കോടി രൂപ ആവശ്യമായി വരുമെന്നും, ഈ അധിക തുക വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് ശേഷം ഈ ഫയലിൽ തുടർ നടപടി ഒന്നും എടുത്തിട്ടില്ല.

ലഭ്യമായ ഭൂമിയുടെ ലീസ് ഫീ ഇനത്തിൽ വർഷം തോറും തുക അടച്ച് വരുന്നതും, പ്രൊജക്റ്റിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചതും, കാല താമസം വരുന്നതിനനുസരിച്ച് പ്രൊജക്റ്റ് കോസ്റ്റ് വർദ്ധിക്കുമെന്നതും കണക്കിലെടുത്ത് സ്റ്റേഡിയം നിർമ്മാണ പ്രൊജക്റ്റ് നിർവ്വഹണം ത്വരിതപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജെക്ടുകൾക്കു ലഭിച്ച ഫണ്ട് വിവരം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 230/17 ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 21600955 | 600000 | 600000 | 0 |
| കെ.എസ്.ഇ.ബി | 230/17 ഇലക്ട്രിക് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാര്റി സ്ഥാപിക്കലും | 21601238 | 86736 | 86736 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| തണൽ വീട് ലോൺ | 01/01-10-12 | 13000000 | 6750000 | 3082114 | 899468 | 9667886 |

വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നത് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൽ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം - 37,000 രൂപ

തൻ വർഷ നിക്ഷേപം – ഇല്ല

ആകെ = 37,000 രൂപ

തന്നാണ്ടിൽ പിൻവലിച്ച തുക – ഇല്ല

വർഷാവസാനം അവശേഷിക്കുന്ന തുക =37,000 രൂപ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | | തുക |
|---|---|---|
| മലപ്പുറം സ്പിന്നിംഗ് മില്ലിന്റെ 100 രൂപയുടെ 100 ഓഹരികൾ, Share Cerrtificate No.1431, തീയതി: 27-7-1977 | | 10,000 |
| Malabar Co-Op.Textilesന്റെ 5000 രൂപയുടെ 5 ഓഹരികൾ, Share Certificate No.484, തീയതി:20-5-1998 | | 25,000 |
| Promisory Notes | No.MS 017824,തീ:6-2-1968 | 500 |
| | " -001023, തീ:21-9-1971 | 500 |
| | "007529, 11-11-1968 | 100 |
| | "007530, " | 100 |
| | "007531, " | 100 |
| | "008182, " | 100 |
| | "008183, " | 100 |
| | "008184, " | 100 |
| | "008485, " | 100 |
| | "008333, " | 100 |
| | "008334, " | 100 |
| | "008335, " | 100 |

| | |
|---|---|
| ആകെ | 37,000 രൂപ |

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | അടവാക്കിയ ആളുടെ പേരും വിലാസവും | അടവാക്കിയ തുക | രസീതി നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2006-07 | 3(10) | അസി.മാനേജർ മത്സ്യ വ്യാസ സ്റ്റോർ താനൂർ | 2,05,000 | 11602500006/5-7-16 |
| 2 | 2006-07 | 3(8) | സി അബ്ദുൾ ഖാദർ കണ്ടവീനർ | 6551 | 11602103002/22-8-16 |
| 3 | 2011-12 2012-13 | 3(16)1,2 | അസി. മാനേജർ മത്സ്യ വ്യാസ സ്റ്റോർ താനൂർ | 1,70000 | 11602400041/17-3-17 |
| 4 | 2014-15 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 5.7(12) | ഡെപ്യൂട്ടി ഡയറക്ടർ ഡിസ്ട്രിക്ട് അനിമൽ വെൽഫയർ ഓഫീസർ | 187500 | 11602500009/20-8-16 |
| 5 | 2015-16 | 3(1)ഗ്രാമപഞ്ചായത്ത് | അസി.എഞ്ചിനീയർ എൽഎസ് ജിഡി | 9306 | 11602106919/2-3-17 |
| 6 | 2015-16 | 3(1)നഗരസഭ | അസി.എഞ്ചിനീയർ എൽഎസ്ജിഡി | 5786 | 11602106920/2-3-17 |
| | | | ആകെ | 584143 | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1999-2002 പ്ലാൻ | | 2004-05 | 14 | കാർഷികയന്ത്ര വൽകരണം പാളി- വിവരങ്ങൾ ലഭ്യമല്ല. | OP 221/08 നമ്പർ പരാതി പ്രകാരം ബഹു. ഓംബുഡ്സ്മാൻ ധനകാര്യ വിഭാഗത്തെ ചുമതലപ്പെടുത്തുകയും യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ടില്ലർ 2010 മുതൽ ഉപയോഗശൂന്യമാവുകയും, PWD വിഭാഗത്തോട് അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| 1999-2002 പ്ലാൻ | | 2004-05 | 24 | KSEB യിൽ ഡെപ്പോസിറ്റ് ചെയ്ത 1521369 രൂപയുടെ വിവരങ്ങൾ വിനിയോഗ വിവരം ലഭ്യമല്ല. | പദ്ധതി പൂർത്തീകരിച്ചു. വിനിയോഗ വിവരം ലഭ്യമാക്കാൻ KSEB യോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 1999-2002 പ്ലാൻ | | 2004-05 | 26,10 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പരപ്പനങ്ങാടി മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘത്തിന് ഭൂമി വാങ്ങുന്നതിന് ഒരു | ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരോടും, ഗുണഭോക്താക്കളോടും തുക തിരിച്ചടക്കാൻ കത്ത് നൽകിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | ലക്ഷം രൂപയും പരപ്പനങ്ങാടി എസ്.സി സഹകരണ സംഘത്തിന്റെ വസ്ത്രനിർമ്മാണ യൂണിറ്റിന് ഫർണിച്ചർ യന്ത്രങ്ങൾ വാങ്ങുന്നതിന് 50000 രൂപയും നൽകി. | |
| 2006-07 | | 2010-11 | 2(3) | 1997-98 മുതൽ 2005-06 വരെയുള്ള തൊഴിൽ നികുതി കുടിശ്ശിക 299645 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. | A5-8872 തിയ്യതി 17-08-2013 കത്ത് പ്രകാരം തുക അടവാക്കുന്നതിനോ, മറുപടി സമർപ്പിക്കുന്നതിനോ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 2010-11 | | 2013-14 | 10 | ലഘു അവലോകനം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 118240443 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94681793 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 950 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 106859 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1937055 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5(1) | 950 | | ശ്രീ സാമുവൽ പി സി<br>സെക്രട്ടറി |
| 3-5 | | 8926 | ശ്രീ ബിബിൻ എൻ വി<br>അസി.എഞ്ചിനീയർ |
| 3-7 | | 93141 | ശ്രീ നന്ദകുമാർ<br>അസി.എഞ്ചിനീയർ-87965 രൂപ<br><br>ശ്രീ ബിബിൻ എൻ വി.<br>അസി.എഞ്ചിനീയർ-5176 രൂപ |
| 3-8 | | 4792 | ശ്രീ ബിബിൻ എൻ വി<br>അസി.എഞ്ചിനീയർ |
| ആകെ | 950 | 106859 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 215542 | ശ്രീ.ഡോ ആനന്ദ് ആർ<br>മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 3-2 | 136513 | ശ്രീമതി ശ്രീകല കെ പി, ഹെഡ്മിസ്ട്രസ്സ് |
| 3-4-1 | 10000 | ശ്രീ രാജശേഖരൻ പി കെ, സെക്രട്ടറി |
| 3-4-2 | 300000 | ശ്രീ രാജശേഖരൻ പി കെ, സെക്രട്ടറി |
| 3-4-3 | 200000 | ശ്രീ രാജശേഖരൻ പി കെ, സെക്രട്ടറി |
| 3-4-4 | 100000 | ശ്രീ രാജശേഖരൻ പി കെ, സെക്രട്ടറി |
| 3-4-5 | 800000 | ശ്രീ രാജശേഖരൻ പി കെ, സെക്രട്ടറി |

| | | |
|---|---|---|
| 3-6 | 175000 | ശ്രീ ബിബിൻ എൻ വി, അസി.എഞ്ചിനീയർ |
| ആകെ | 1937055 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സാമുവൽ .പിസി | ശ്രീ.പി.സി. സാമുവൽ,സെക്രട്ടറി<br>വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ ഹൗസ്<br>പന്താരങ്ങാടി,മലപ്പുറം |
| ശ്രീ ബിബിൻ എൻ വി<br>അസി. എഞ്ചിനിയർ | അസി.എഞ്ചിനീയർ<br>പരപ്പനങ്ങാടി നഗരസഭ | നമ്പ്യാർ വീട്ടിൽ<br>അരിയല്ലൂർ പി ഒ<br>മലപ്പുറം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എം.11/914/01 തി.05.10.2010 | 17 |
| 1998-99 | എൽ.എഫ്.എം.11/913/01 തി.06.10.2010 | 7 |

| | | |
|---|---|---|
| 1999-00<br>(പ്ലാൻ ഫണ്ട് ഒഴികെ) | എൽ.എഫ്.എം.17/244/01 തി.12.12.2006 | 24 |
| 1999-00 മുതൽ 2001-02 വരെ (പ്ലാൻ ഫണ്ട്) | എൽ.എഫ്.എം.14/876/04 തി.06.10.2010 | 6 |
| 2000-01 | എൽ.എഫ്.എം.17/245/06 തി.06.10.2010 | 14 |
| 2002-03 | എൽ.എഫ്.എം.17/830/09 തി.06.10.2010 | 20 |
| 2003-04 | എൽ.എഫ്.എം.17/831/09 തി.06.10.2010 | 18 |
| 2004-05 | എൽ.എഫ്.എം.17/832/09 തി.06.10.2010 | 20 |
| 2006-07 | എൽ.എഫ്.എം.17/67/10 തി.04.05.2010/06.07.2010 | 13 |
| 2007-08, 2009-10 | എൽ.എഫ്.എം.15/132/12തി.19.02.2013/ 11.03.2013 | 29 |
| 2010-11 | എൽ.എഫ്.എം.15/28/14തി.13.01.2014 | 12 |
| 2011-12, 2012-13 | എൽ.എഫ്.എം.15/1271/15 തി.03.06.15 | 20 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം 15/2431/15 തി.20.11.15 | 21 |
| 2015-16 | കെ എസ്എഎംപിഎം 25/301/2017 തി.10-2-17 | 23 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## 5-1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.25/2438/2017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി 30/11/2017

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള നഗരപാലികാ നിയമം 295 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയുടെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പരപ്പനങ്ങാടി നഗരസഭയുടെ 2016-17 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. കേരള നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4.നഗരകാര്യ റീജ്യണൽജോയിന്റ് ഡയരക്ടർ,കോഴിക്കോട്.

5. കാര്യാലയ പ്രതി.

# 5-2

# AUDIT CERTIFICATE

No.KSAMPM25/2438/2017

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e-mail.dompm.ksad@kerala.gov.in

Dated. 30/11/2017

## CERTIFICATE

Certified that I have examined the Annual Financial Statement of Parappanangadi Municipality for the year ended on 31.03.2017 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 295 of the Kerala Municipal Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj/Municipal Institutions.

In my opinion the financial statements of Parappanangadi Municipality for the year 2016-17 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT,

MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Parappanangadi Municipality
3. The Director Of Kerala Urban affairs,Thiruvananthapuram
4. The Regional Joint.Director,Urban Affairs,Kozhikkode
5. Office copy